സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.41/16/S

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
19/ 07 / 2016

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

**വിഷയം:**-2016-2017 കൊല്ലം ഗ്രൂപ്പിലെ ഫുൾടൈം ശാന്തിക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച്.

**സൂചന:**- ശാന്തിക്കാരുടെ അപ്പീൽ അപേക്ഷകൾ.

2016-2017 ഫുൾടൈം ശാന്തിക്കാരുടെ ഗ്രൂപ്പിനുള്ളിൽ നടത്തിയ സ്ഥലം മാറ്റങ്ങളിലെ അപ്പീൽ അപേക്ഷകളിൻ മേൽ സ്വീകരിച്ച നടപടി വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ.സി.കെ. മധുസൂദനൻ നമ്പൂതിരി

സ്റ്റേഷൻ സീനിയോറിറ്റിയും സർവ്വീസ് സീനിയോറിറ്റിയും പരിഗണിച്ച് തിരുമുല്ലവാരം ദേവസ്വത്തിലേയ്ക്ക് സ്ഥലംമാറ്റം നൽകണമെന്നതാണ് അപ്പീലിലെ ആവശ്യം

ടിയാൻ മുമ്പ് തിരുമുല്ലവാരം ദേവസ്വത്തിൽ ജോലിനോക്കിയിട്ടില്ലാത്തതിനാൽ ടിയാനെ ടി ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയും, തിരുമുല്ലവാരം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയ ശ്രീ.എൻ.കൃഷ്ണകുമാർ തൊട്ട് മുമ്പുള്ള വർഷം അഡ്മിനിസ്ട്രേറ്റീവ് ഗ്രേഡിലുള്ള തൃക്കടവൂർ ദേവസ്വത്തിൽ ജോലി നോക്കിയിട്ടുള്ളതിനാലും, അഡ്മിനിസ്ട്രേറ്റീവ് ഗ്രേഡിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് ഗ്രേഡിലേയ്ക്ക് സ്ഥലം മാറ്റം അനുവദനീയമല്ലാത്തതിനാലും,ആനന്ദവല്ലീശ്വരം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റി ഉത്തരവാകുന്നു.

2. ശ്രീ.ശ്രീജിത്ത് കുമാർ ഭട്ടതിരി

2016-ലെ പൊതു സ്ഥലം മാറ്റത്തിൽ ആവശ്യപ്പെട്ട ദേവസ്വങ്ങൾ തിരുവാറ്റ, ആവണിപുരം, ചിറ്റുമല എന്നീ ക്രമത്തിലാണ് എന്നാൽ ടിയാൻ ആവശ്യപ്പെടാത്ത മാർത്താണ്ഡപുരം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയതിനെതിരെയാണ് അപ്പീൽ സമർപ്പിച്ചിട്ടുള്ളത്

ശ്രീ.ശ്രീജിത്ത്കുമാർ ഭട്ടതിരിയുടെ ഒന്നാമത്തെ ചോയ്സിൽ ടിയാനെക്കാൾ സീനിയർ ആയിട്ടുള്ള വ്യക്തിക്ക് നൽകിയിട്ടുള്ളതിനാൽ രണ്ടാമത്തെ ചോയ്സ് ആയ ആവണിപുരം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റി ഉത്തരവാകുന്നു.

3. ശ്രീ.എൻ.രാജേഷ്

ആവശ്യപ്പെട്ട ദേവസ്വങ്ങൾ ചവറ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, വിഷ്ണുവത്തുകാവ്,തിരുവാറ്റ എന്നീ ക്രമത്തിലാണ് എന്നാൽ ടിയാൻ ആവശ്യപ്പെടാത്ത പൂവൻപുഴ ദേവസ്വത്തിലേയ്ക്കാണ് സ്ഥലം മാറ്റിയതെന്നും ടിയാൻ ആവശ്യപ്പെട്ട ഒന്നും രണ്ടും

ചോയ്സുകളിൽ ഏതിലെങ്കിലും ഒന്നിൽ പരിഗണിക്കണമെന്നാണ് അപ്പീലിലെ ആവശ്യം

ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് ഗ്രൂപ്പ് സീനിയർ ആയ ടിയാനെ വിഷ്ണുവത്തുകാവ് ദേവസ്വത്തി ലേയ്ക്കും, വിഷ്ണുവത്ത്കാവ് ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയ ശ്രീ.മജുമോനെ ഒഴിവുള്ള വിളയിൽകാവ് ദേവസ്വ ത്തി ലേയ്ക്കും സ്ഥലംമാറ്റം നൽകി അപേക്ഷ തീർപ്പാക്കുന്നു.

4. <u>ശ്രീ.കെ.എൽ.ഹരി</u>

ആവശ്യപ്പെട്ട ദേവസ്വങ്ങൾ തൃക്കടവൂർ, തിരുമുല്ലവാരം, രാമേശ്വരം എന്നീ ക്രമത്തിൽ ആണ്. ടിയാന്റെ ആവശ്യം പരിഗണിച്ചില്ലായെന്നാണ് അപ്പീലിൽ ബോധിപ്പിച്ചിട്ടുള്ളത്.

ടിയാൻ ജോലി നോക്കുന്ന ദേവസ്വത്തിൽ മൂന്ന് വർഷം പൂർത്തിയാകാത്തതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

5. <u>ശ്രീ.എസ്.മോഹനൻ പോറ്റി</u>

ടിയാൻ ജോലി നോക്കുന്ന ദേവസ്വത്തിൽ ഒരു വർഷം കൂടി തുടരുവാൻ അനുവദിക്കണമെന്നതാണ് ആവശ്യം

ടിയാനെ ജനറൽ ട്രാൻസ്ഫറിന് വിധേയമായി സ്ഥലം മാറ്റിയിട്ടുള്ളതിനാൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഗ്രേഡിലുള്ള ദേവസ്വത്തിൽ തുടരണമെന്നുള്ള ടിയാന്റെ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

6. <u>ശ്രീ.എസ്.ഉണ്ണികൃഷ്ണൻ നമ്പതിരി</u>

2016-ലെ പൊതു സ്ഥലം മാറ്റത്തിൽ കൊടുത്തുരുത്തി ശ്രീ.സുബ്രഹ്മണ്യ ക്ഷേത്രത്തിലേയ്ക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടുവെന്നും ടി ദേവസ്വത്തിലേയ്ക്ക് ടിയാനെ പരിഗണിക്കണമെന്നുമാണ് അപ്പീൽ അപേക്ഷയിൽ ബോധിപ്പിക്കുന്നത്.

ആവശ്യപ്പെട്ട ദേവസ്വത്തിൽ സീനിയറെ പരിഗണിച്ചിട്ടുള്ളതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് ആകുന്നു

<u>ടി സ്ഥലം മാറ്റം 20.07.2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്</u>

(ഒപ്പ്)

**ദേവസ്വം കമ്മീഷണർ**

**അംഗീകാരത്തോടെ,**

(signature)

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(അഡ്മിനിസ്ട്രേഷൻ)**

**പകർപ്പ്-**

1. **അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ-കൊല്ലം**
2. **സെക്ഷൻ ഫയൽ**
3. **ഫെയർ ഓഫീസ് കോപ്പി** (4) EDP സെക്ഷൻ ✓

**RA**

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം.
*ഫോൺ : 0471 2315156; ഫാക്സ്:0471 2315156;*
*ഇമെയിൽ: devaswomcommissionertdb@gmail.com*

ദേവസ്വം കമ്മീഷണർ ഓഫീസ്

**ആർ.ഒ.സി. 38/16/മിസ് എ** തിരുവനന്തപുരം, 15/07/2016

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം :- 2016 - 17 ലെ കൊല്ലം ഗ്രൂപ്പിനകത്തെ പൊതുസ്ഥലമാറ്റം- വാച്ചർ ലാവണത്തിലെ അപ്പീൽ അപേക്ഷകൾ സംബന്ധിച്ച്.

സൂചന : - 1) ചിറ്റുമല ദേവസ്വം വാച്ചർ ശ്രീ.ആർ.രാജേഷ് പിള്ളയുടെ അപേക്ഷ.
2) പനക്കത്തൊടി ദേവസ്വം വാച്ചർ ശ്രീ.ഒ.പ്രദീപ്കുമാറിന്റെ അപേക്ഷ.
3) തൃക്കടവൂർ ശ്രീ മഹാദേവർ ക്ഷേത്രം ഉപദേശക സമിതിയുടെ അപേക്ഷ.

ചിറ്റുമല ദേവസ്വം വാച്ചർ ശ്രീ.ആർ.രാജേഷ്പിള്ള 16.2.2015 മുതൽ ചിറ്റുമല ദേവസ്വത്തിൽ ജോലി നോക്കി വരികയാണെന്നും കൊറ്റംകുളങ്ങര, തിരുവാറ്റ എന്നീ ദേവസ്വങ്ങളിൽ മാറ്റത്തിനായി അപേക്ഷ നൽകിയിരുന്നെങ്കിലും പരിഗണിച്ചില്ലെന്നും യാത്രാ ചെലവ് വളരെ കൂടുതലാകയാൽ അപേക്ഷിച്ചിട്ടുള്ള ദേവസ്വങ്ങളിൽ മാറ്റം ലഭിക്കുന്നതിലേയ്ക്കാണ് അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചിരിക്കുന്നത്. ഇപ്പോൾ ജോലി നോക്കുന്ന ദേവസ്വത്തിൽ മൂന്നുവർഷം പൂർത്തിയാകാത്തതിനാൽ ടിയാന്റെ അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന് ഉത്തരവാകുന്നു.

പനയ്ക്കത്തൊടി ദേവസ്വം വാച്ചർ ശ്രീ..ഒ.പ്രദീപ്കുമാർ സ്ഥലംമാറ്റത്തിന് അപേക്ഷ നൽകിയിരുന്നെങ്കിലും പരിഗണിച്ചിട്ടില്ലെന്നാണ് ബോധിപ്പിച്ചിട്ടുള്ളത്. ഇപ്പോൾ ജോലി നോക്കുന്ന ദേവസ്വത്തിൽ മൂന്നുവർഷം പൂർത്തിയാകാത്ത തിനാൽ ടിയാന്റെ അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന് ഉത്തരവാകുന്നു.

തൃക്കടവൂർ ദേവസ്വം വാച്ചർ ശ്രീ.സന്തോഷ്കുമാർ ആ ദേവസ്വത്തിൽ മൂന്നുവർഷം പൂർത്തിയാക്കിട്ടുള്ളതിനാൽ മൂന്നുവർഷം പൂർത്തിയായ ജീവനക്കാരെ സ്ഥലംമാറ്റണമെന്ന തൃക്കടവൂർ ശ്രീ മഹാദേവർ ക്ഷേത്രം ഉപദേശക സമിതിയുടെ അപേക്ഷ പരിഗണിച്ച് തൃക്കടവൂർ ദേവസ്വത്തിൽ മൂന്നുവർഷമായി ജോലി നോക്കുന്ന വാച്ചർ ശ്രീ.വി.സന്തോഷ്കുമാറിനെ ആനന്ദവല്ലീശ്വരം ദേവസ്വത്തിലേയ്ക്ക് മാറ്റി നിയോഗിച്ച് ഉത്തരവാകുന്നു.

സ്ഥലംമാറ്റ ഉത്തരവ് 20.07.2016-ൽ പ്രാബല്യത്തിൽ വരുത്തേതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ,കൊല്ലം
2) ഇ.ഡി.പി. സെക്ഷൻ, ബോർഡാഫീസ്
3) ഫെയർ ആഫീസ് കോപ്പി.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം, 13/7/2016

ആർ.ഒ.സി. നം: 39/16/മിസ്.സി.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- കൊല്ലം ഗ്രൂപ്പിലെ നാദസ്വരം ജീവനക്കാരുടെ 2016-17-ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- പരിമണം ദേവസ്വം നാദസ്വരം ശ്രീമതി. എസ്. സിൽജ, ശ്രീമതി. ആർ. രാധ എന്നിവരുടെ അപ്പീൽ അപേക്ഷകൾ.

1. ശ്രീമതി. എസ്. സിൽജ. ( പരിമണം ദേവസ്വം)

ടിയാളുടെ പൊതു സ്ഥലം മാറ്റത്തിൽ ശക്തികുളങ്ങര ദേവസ്വം, കൊറ്റൻകുളങ്ങര ദേവസ്വം, വിഷ്ണത്തുകാവ് ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ടിയാളെ ആനന്ദവല്ലീശ്വരം ദേവസ്വത്തിലെ നാദസ്വരമായിട്ടാണ് സ്ഥലം മാറ്റിയത്. പൊതുസ്ഥലമാറ്റത്തിൽ വച്ചിട്ടുള്ള ഏതെങ്കിലുമൊരു ദേവസ്വം തരണമെന്നാണ് അപ്പീലിൽ വിവരിച്ചിട്ടുള്ളത്.

ടിയാളുടെ അപ്പീൽ അപേക്ഷ പരിഗണിച്ച് ശക്തികുളങ്ങര ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകിയ, സുധീഷ്കുമാറിനെ മാവേലിക്കര ഗ്രൂപ്പിലേയ്ക്ക് സ്ഥലം മാറ്റം നൽകിയതിനാൽ സുധീഷ്കുമാർ റിലീവ് ചെയ്യുന്ന മുറയ്ക്ക് ടിയാളെ ശക്തികുളങ്ങര ദേവസ്വത്തിൽ സ്ഥലം മാറ്റി ഉത്തരവാകുന്നു.

2. ശ്രീമതി. ആർ. രാധ- (ശക്തികുളങ്ങര ദേവസ്വം)

ടിയാളുടെ പൊതുസ്ഥലം മാറ്റത്തിൽ പരിമണം, കൊറ്റൻകുളങ്ങര, ശക്തികുളങ്ങര എന്നീ ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ടിയാൾ ആവശ്യപ്പെട്ട പരിമണം ദേവസ്വത്തിലോ ജോലി നോക്കി വരുന്ന ശക്തികുളങ്ങര ദേവസ്വത്തിലോ നിലനിർത്തണമെന്നാണ് അപ്പീലിൽ വിവരിച്ചിട്ടുള്ളത്.

ടിയാളുടെ അപ്പീൽ അപേക്ഷ പരിഗണിച്ച് പരിമണം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകിയ ശ്രീ. ഗോപന് നിലവിൽ ജോലി നോക്കിയ ഗ്രൂപ്പിൽ തുടരാനും ശ്രീമതി. ആർ. രാധയ്ക്ക് പരിമണം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു.

ടി സ്ഥലം മാറ്റങ്ങൾ 20-7-2016-ൽ പ്രാബല്യത്തിൽ വരുത്തേണ്ട താണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ
Sreelatha
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, കൊല്ലം
2. സെക്ഷൻഫയൽ.
3. EDP Section

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.40/16/MIS-C

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
13/ 07 / 2016

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

**വിഷയം:-** കൊല്ലം ഗ്രൂപ്പിലെ തളി ജീവനക്കാരുടെ 2016-2017-ലെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച്.

ആ ഗ്രൂപ്പിൽപ്പെട്ട തൃക്കടവൂർ മഹാദേവക്ഷേത്രത്തിലെ തളി ലാവണത്തിൽ ജോലി നോക്കിയിരുന്ന ശ്രീ.സതീഷ്കുമാർ ടി ദേവസ്വത്തിൽ മൂന്ന് വർഷം സർവ്വീസ് പൂർത്തിയാക്കിയതിനാൽ ടിയാനെ ഒഴിവുള്ള പരിമണം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റി ഉത്തരവാകുന്നു.

ഈ ഉത്തരവ് 20.7.2016 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**

**അംഗീകാരത്തോടെ,**

Sreelatha

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(അഡ്മിനിസ്ട്രേഷൻ)**

**പകർപ്പ്-**

1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ-കൊല്ലം
2. സെക്ഷൻ ഫയൽ
3. ഫെയർ ഓഫീസ് കോപ്പി
4. EDP section

*RA*

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം, 13/7/2016

ആർ.ഒ.സി. നം: 40/16/മിസ്.സി.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- കൊല്ലം ഗ്രൂപ്പിലെ കഴകം ജീവനക്കാരുടെ 2016-17-ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- പുത്തരിഴികത്തുകാവ് ദേവസ്വം കഴകം ശ്രീ. എ.ശ്രീനാഥ്, മണലി ദേവസ്വം കഴകം ശ്രീ.ജി.ഗോപാലകൃഷ്ണപിള്ള എന്നിവരുടെ അപ്പീൽ അപേക്ഷകൾ.

1. ശ്രീ. എ. ശ്രീനാഥ്. (പുത്തരഴികത്തുകാവ്)

പൊതുസ്ഥലം മാറ്റത്തിൽ ടിയാൻ ലക്ഷമിനട, ഇടക്കാട്ട്, പുത്തരഴികത്തുകാവ് എന്നീ ദേവസ്വങ്ങൾ ആവശ്യപ്പെട്ടിരുന്നെന്നും എന്നാൽ ആനന്ദവല്ലീശ്വരം ദേവസ്വത്തിലേയ്ക്കാണ് സ്ഥലം മാറ്റിയതെന്നും ആയത് അസൗകര്യമാകയാൽ നിലവിൽ ഒഴിവുള്ള വിഷ്ണത്തുകാവ് ദേവസ്വത്തിലേയ്ക്കോ വള്ളിക്കീഴ് ദേവസ്വത്തിലേക്കോ മാറ്റം നൽകണമെന്നുമാണ് അപ്പീലിലെ ആവശ്യം.

ടിയാൻ ആവശ്യപ്പെട്ട മൂന്നു ദേവസ്വങ്ങളിലും സീനയർ ജീവനക്കാർ അപേക്ഷിച്ചിരുന്നതിനാലും കൊല്ലം ഗ്രൂപ്പിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുള്ള കഴകക്കാരെല്ലാം സ്ത്രീ ജീവനക്കാർ ആയതിനാലുമാണ് ടിയാന് ആനന്ദവല്ലീശ്വരം ദേവസ്വത്തിലേയ്ക്ക് മാറ്റം നൽകിയത്. എന്നാൽ ശക്തികുളങ്ങര സബ്ഗ്രൂപ്പിൽപ്പെട്ട വള്ളിക്കീഴ് ദേവസ്വത്തിൽ കിടമുറ ഡ്യൂട്ടി ഉള്ളതിനാലും ടി ദേവസ്വത്തിൽ വാച്ചർ ലാവണത്തിൽ മാത്രം ജീവനക്കാരനുള്ളതിനാലും കിടമുറ ഡ്യൂട്ടി നടപ്പിൽ വരുത്തുന്നതിനു ടിയാന്റെ അപ്പീൽ പരിഗണിച്ച് വള്ളിക്കീഴ് ദേവസ്വത്തിലെയ്ക്ക് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

2. ശ്രീ. ജി. ഗോപാലകൃഷ്ണപിള്ള. (മണലി ദേവസ്വം)

ടിയാൻ പൊതു സ്ഥലം മാറ്റത്തിൽ വിളയിൽകാവ്, പൂവൻപുഴ, പുത്തരഴികത്തുകാവ് എന്നീ ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ടിയാന്റെ പൂവൻപുഴ ദേവസ്വത്തിലേയ്ക്കുള്ള സ്ഥലം മാറ്റം റദ്ദ് ചെയ്തു വിളയിൽകാവ് ദേവസ്വത്തിലേയ്ക്കോ, പുത്തരഴികത്തുകാവ് ദേവസ്വത്തിലേക്കോ മാറ്റം നൽകണമെന്നാണ് അപ്പീലിലെ ആവശ്യം.

ടിയാൻ ആവശ്യപ്പെട്ടതിൻ പ്രകാരം രണ്ടാം ചോയ്സായ പൂവൻപുഴ ദേവസ്വത്തിലേയ്ക്കു സ്ഥലം മാറ്റം നൽകിയിട്ടുള്ളതിനാൽ ടിയാന്റെ അപ്പീൽ നിരസിച്ചുത്തരവാകുന്നു.

ഈ ഉത്തരവ് 20-7-2016 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

ആർ.ഒ

അംഗീകാരത്തോടെ

Signature

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

<u>പകർപ്പ്:-</u>

1. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, കൊല്ലം.
2. സെക്ഷൻഫയൽ.
3. ഫെയർ ആഫീസ് കോപ്പി.
4. EDP section

ശ.